## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ - ഹിന്ദി വിഭാഗം സ്ഥലംമാറ്റം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ എ4/9156/2018/കോ.വി.വ. തീയതി 23.05.2018

---

പരാമർശം: 1) ഈ ഓഫീസിലെ 05.05.2018 തീയതിയിലെ ഇതേ നമ്പർ പൊതു സ്ഥലംമാറ്റ ഉത്തരവ്

2) ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി.ആശ.ജിയുടെ Nil തീയതിയിലെ അപേക്ഷ

3) ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി.ഷീലാകുമാരി.എൽ-ന്റെ 08.05.2018 തീയതിയിലെ അപേക്ഷ

4) G.O(Rt) No.2319/14/ഉ.വി.വ തീയതി 27.09.2014

5) സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ തീയതി 25.02.2017

### ഉത്തരവ്

പരാമർശം (1) പ്രകാരം സർക്കാർ കോളേജുകളിലെ ഹിന്ദി വിഭാഗം അദ്ധ്യാപകരുടെ 2018-19-ലെ പൊതു സ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിച്ചതിൽ നിർബന്ധിത സ്ഥലംമാറ്റം നൽകിയ ക്രമ നമ്പർ 11 ആയ ശ്രീമതി.ആശ.ജി പരാമർശം (2) പ്രകാരവും, പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ നിന്നും കാഞ്ഞിരംകുളം കെ.എൻ.എം ഗവൺമെന്റ് കോളേജിലേയ്ക്ക് സ്ഥലംമാറ്റം നൽകിയ ക്രമ നമ്പർ 9 ആയ ശ്രീമതി.ഷീലാകുമാരി.എൽ പരാമർശം (3) പ്രകാരവും പരാതികൾ സമർപ്പിച്ചിരിക്കുന്നു. ശ്രീമതി.ആശ.ജിയുടെ അപേക്ഷ പരിശോധിച്ചതിൽ എൻ.സി.സി പരിരക്ഷ കണക്കാക്കുമ്പോൾ 4 വർഷം മാത്രമേ ആകുന്നുള്ളുവെന്നത് പരിഗണിച്ച് ടിയാളുടെ സ്ഥലംമാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു. പരാമർശം (4), (5) സർക്കാർ ഉത്തരവ് പ്രകാരം പരിരക്ഷിക്കപ്പെട്ട വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി.ആശ.ജിയ്ക്ക് ഇനി മിശ്ര വിവാഹിതയുടെയോ മറ്റേതെങ്കിലും തരത്തിലുള്ള പരിരക്ഷയ്ക്കോ അർഹത ഉണ്ടായിരിക്കുന്നതല്ലായെന്ന വ്യവസ്ഥയിൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ നിലനിർത്തിയും അതോടൊപ്പം, ശ്രീമതി.ഷീലകുമാരി.എൽ-ന്റെ അപേക്ഷയിൻമേൽ അനുകമ്പാർഹ പരിഗണന നൽകി ടിയാളെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലേക്ക് സ്ഥലം മാറ്റം നൽകികൊണ്ടും പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു. മേൽപ്പറഞ്ഞ അദ്ധ്യാപകരുടെ സ്ഥലംമാറ്റ അപേക്ഷ പരിഗണിച്ചതുമൂലം സ്ഥലംമാറ്റപ്പെടേണ്ടിവരുന്ന അദ്ധ്യാപകരെ താഴെപ്പറയും പ്രകാരം സ്ഥലംമാറ്റി നിയമിക്കാവുന്നതാണ്.

| ക്രമ നമ്പർ | അദ്ധ്യാപകരുടെ പേര് | സ്ഥലംമാറ്റപ്പെടേണ്ടി വരുന്ന സ്ഥാപനം |
|---|---|---|
| 1. | ഡോ.ഷബാന ഹബീബ്<br>സർക്കാർ സംസ്കൃത കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ശ്രീമതി.സോഫിയ രാജനെ സ്ഥലംമാറ്റുന്ന ഒഴിവിൽ |

GOVERNMENT OF KERALA 2017-18

| ക്രമ നമ്പർ | അദ്ധ്യാപകരുടെ പേര് | സ്ഥലംമാറ്റപ്പെടേണ്ടി വരുന്ന സ്ഥാപനം |
|---|---|---|
| 2. | ഡോ.ബി.അശോക്<br>യൂണിവേഴ്സിറ്റി കോളേജ്<br>തിരുവനന്തപുരം | കാഞ്ഞിരംകുളം കെ.എൻ.എം ഗവൺമെന്റ് കോളേജിലെ ശ്രീമതി.എൽ.ഷീലാകുമാരിയ്ക്ക് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ |
| 3. | ശ്രീമതി.സോഫിയ രാജൻ<br>യൂണിവേഴ്സിറ്റി കോളേജ്<br>തിരുവനന്തപുരം | മടപ്പള്ളി ഗവൺമെന്റ് കോളേജിലെ നിലവിലുള്ള ഒഴിവിൽ |

ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ രേഖാമൂലം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

ഒപ്പ്/-
ഡോ. ഡി.കെ. സതീഷ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ്:
1. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്/പ്രിൻസിപ്പാൾമാർക്ക്
2. അക്കൗണ്ടന്റ് ജനറൽ (A&E), കേരള, കോട്ടയം
3. നടപ്പു ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

S.R/25.05.2018

GOVERNMENT OF KERALA 2017-18